# ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ

## കന്യാകുളങ്ങര

## വെമ്പായം പി.ഒ, തിരുവനന്തപുരം

ഫോൺ.0472 2832346

# ധ്വനി



# ഉള്ളടക്കം

1. അമ്മ ………………………………………………………(5)
2. ആ പഴയകാലം…………………………………….………(6)
3. അനാഥമായ ജീവിതം…………………………………(7)
4. അമ്മ………………………………………………….……..(8)
5. ലോകത്തിന് മഹാകെണി……………………………(9)
6. കാഴ്ച്ച……………………………………………………..…(10)
7. ആഗോളതാപനം…………………………...…………(11)
8. ചന്ദ്രയാന് രണ്ട്……………………………………………(13)
9. കേരളത്തിന്റെ ഊട്ടിയിലേക്ക് ഒരു യാത്ര...(14)
10. നിങ്ങള്ക്കറിയാമോ??? ……………………………..(15)
11. ആമസോൺമഴക്കാടുകൾ…………………………..(17)
12. ലിറ്റിൽകൈറ്റ്സ്ല നതുപ്രവർത്തനങ്ങൾ………..(20)
13. സ്കൂൾ പാർലമെൻ്റ്ഇലക്ഷൻ……………………..…(20)
14. ലിറ്റിൽകൈറ്റ്സ് സബ് ജില്ലാ ക്യാമ്പ്
കണിയാപുരം…………………………………….………(23)
15. അമ്മ അറിയാൻ…………………………...…………(24)
16. സൈബർ സുരക്ഷ……………………………………..(24)
17. ചന്ദ്രയാൻ രണ്ട് വിക്ഷേപണം
തൽസമയനിരീക്ഷണം………………………………(26)
18. പത്രത്താളുകളിൽ.........................................................(28)
19. പ്രതിഭാസംഗമം……………………………………..(31)


KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
little
KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
നമ്പർ :LK/2018/43014
ഗവ: ജി.എച്ച്.എസ്.എസ് കന്യാകുളങ്ങര
തിരുവനന്തപുരം - 695615
Ph: 0472 2832346



ശ്രീമതി. വഹീദ എം പ്രിൻസിപ്പാൾ



ശ്രീമതി. പ്രീത എൻ. ആർ. ഹെഡ്മിസ്ട്രസ്

# അമ്മ

അമ്മതന് വാത്സല്യം
അമ്മതന് നൊമ്പരം തീമഴ
പെയ്യുമ്പോള് അറിയില്ല
മാതൃത്വം പിടയുന്ന കുഞ്ഞിനെ....
കുഞ്ഞായി വളര്ന്നവള് തന്
കൂടെയുണ്ടായിരുന്നെന്നും
പിറകെ നടന്നൊരാ തീക്കനല്
കേട്ടു കേട്ട് ഇന്നകം
നെരിപ്പോടായി തീര്ന്നതും,
കത്തുന്ന ചിതയിലേക്ക് ഇനി
കനല് വീഴ്വതും പൊള്ളാതെ
പോവതുമായിരുന്നു...
വാക്കിനാല് നേടിയ സാന്ത്വനമാണ് നീ...
ഇന്നെന്റെ നെരിപ്പിലെ
മഞ്ഞുനീര് തുള്ളികള്...
എങ്കിലും പലവിധം മാതൃത്വം
പറയാതെ പറയുമ്പോള്...
ഞെരിഞ്ഞമരുന്നെന്റെ പുറംതോടുകള്...

**അറഫ . കേ**
**8E**

# ആ പഴയകാലം

പണ്ടെങ്ങാനൊരു നാടുണ്ടാര്ന്നു
ആനാട്ടില് വയലുണ്ടാര്ന്നു
വയല് നിറയെ കതിരുണ്ടര്ന്നു
കതിര്കൊത്താന് കിളിവരുമാര്ന്നു
പണ്ടെങ്ങാനൊരു നാടുണ്ടാര്ന്നു
ആനാട്ടില് പുഴയുണ്ടാര്ന്നു
പുയനിറയെ മീനുണ്ടാര്ന്നു
മീനുകള്ക്കെല്ലാം കുളിരുണ്ടാര്ന്നു
പണ്ടെങ്ങാനൊരു നാടുണ്ടാര്ന്നു
ആ നാട്ടില് മരമുണ്ടാര്ന്നു
മരം നിറയെ പഴമുണ്ടാര്ന്നു
പഴ തിന്നാന് കിളിയുണ്ടാര്ന്നു......

സലീമ അന്സാരി

# അനാഥമായ ജീവിതം

ജീവിത്തിന്  സ്വപ്നങ്ങളായികാത്തുസൂക്ഷി-

ച്ചവളുടെ ഹൃദയത്തിൽ....... അമ്മയുമച്ചഛനും

ചേച്ചിയുംചേട്ടനുമെല്ലാം തന്നെയായിരുന്നൂ..... ആ സ്വപ്നം

സന്തോഷമെന്ന  വാക്കുപോലുമാപൈതലിന് സ്വപ്ന-

മായെന്നും നിലനിന്നിരുന്നു വെന്നതാണ് സത്യം

കൈവിട്ടുകളയുവാന്  എളുപ്പമാണങ്കിലുമെതൊന്നു-

തിരകെ  നേടിയെടുക്കാന്  നിഷ്പ്രയാസം
തന്നെയാണത്രെ

ഞാനെന്  ഹൃത്തിനോടെന്നപോലെ
ഞാനെന് സുഹൃത്ത-

നോട് പലപ്പോഴം ചൊന്നേന്.... കൊഴിഞ്ഞു
വീണയിന്നലയോ

വിടരാനിരിക്കുന്ന  നാളയോ  അല്ല പിന്നയോ ജീവീതം-

വിടര്ന്നുനിൽക്കുന്ന ഇന്നതാന◌ുമതെ......

ദേവിക 8C

# അമ്മ

അമ്മയാണു  മകനേ
നിന്നെ സൃഷ്ടിച്ച വയറിനെ-
യൊരിക്കലും പിന്നില് നിന്നു
ചവിട്ടി  എറിയരുതേ
പത്തു മാസം ചുമ്മന്നാ-
വോളം സ്നേഹം നിനക്കായ്
തന്നവളാണ് നിന്റെ അമ്മ

" അമ്മയില്ലാത്തോരു ലോകമില്ല "

മേഘ .ടി.എസ്

9E

# ലോകത്തിന് മഹാ കെണി

സ്നേഹതരുവാം  ദൈവത്തില്  നി-
ന്നുതിര്ന്നുവീണ ഇലകളാം നമ്മള് ;
കാലമാം കാറ്റില് പറന്നെത്തിയ-
തന് ഭൂമിയാമമ്മതന്നുതരത്തില്

എവിടെന്നോ വന്നെത്തിയ -
നമ്മെ, ഇരുകൈനീട്ടി സ്വീകരിച്ചു ;
അമ്മതന് ചിറകിന് കീഴില്-
തന് ചൂടേറ്റു  വളര്ത്തിയതും............

ഭൂമിയമ്മതന്  നെഞ്ചില്-
പിച്ചവെച്ച കാലുകളിന്നാ-
ഭൂമിയെ വളരും മക്കള് തന്നെ
ജീവിതത്തിന് നേര്വഴികളെ-
തപ്പികണ്ടുപിടിക്കുമ്പോള്,

കഴുകന് കണ്ണുമായി എത്തും കെണികളെ
നേരിടാനാകാതെ കൗമാരക്കര്.....
വെല്ലുവിളികളെനേരിടാൻ
ആകുന്ന  പുത്തന് ജനത്തെ--
സൃഷ്ടിക്ക നമ്മള്...................
പുത്തന് ഭൂമി സൃഷ്ടിക്ക  നമ്മള്........

അനശ്വര.ബി
10 E

# കാഴ്ച്ച

കാണുന്ന  കാഴ്ച്ചകളെല്ലാം  മനൊഹരം
കണ്ണുകള്കാണുവാന് ഏറെ പ്രിയങ്കരം
കരിമിഴികള് രണ്ടു ഞാവല് പഴങ്ങളായ്
മാധുര്യമേറുന്ന കാഴ്ച്ചകള് കാട്ടുന്നോര്
രണ്ടിണകളെ പോലവര് ഒത്തൊരുമിച്ച്  ഇരു-
തടാകങ്ങളില് നീന്തി തുടിക്കുന്നു  കവികളും
വാഴ് ത്തുന്നു കണ്ണിന് മഹത്വം കണ്ണില്ലങ്കില്
എല്ലാം അാ  കാഴ്ച്ച

**പാര്വതി.എ**
**7E**

# ആഗോളതാപനം

മാനുഷികപ്രവര്ത്തനങ്ങള് കൊണ്ടും മറ്റു പ്രകൃതിയാലുള്ള കാരണങ്ങള് കൊണ്ടു ഹരിതഗൃഹവാതകങ്ങളായ കാര്ബണ് ഡൈ ഓക്സൈഡ്,മീഥേന്,നൈട്രസ്ഓക്സൈട് തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വര്ദ്ധിക്കുന്നു. സൂര്യനില് നിന്നും ഭൂമിയിലേക്കെത്തുന്നു ചൂടിന്റ പ്രതിഫലനത്തെ ഈ വാതകങ്ങള് തടയുകയും ഭൂമിയിലെ താപനില വര്ദ്ധിക്കുകയും ചെയ്യുന്നു.ഇൻറ്ററ്ഗണ്മെന്റല് പാനല് ഓണ് ക്ലൈമറ്റ് ചേഞ്ച് [ഐ.പി.സി.സി] യുടെ നിഗമന പ്രകാരം, 20-ആം നൂറ്റാണ്ടിന്റ മദ്ധ്യം മുതല് ഉണ്ടായ ആഗോളതാപവര്ദ്ധനയുടെ പ്രധാന കാരണം

ആഗോളതാപനത്തിന്റ ഫലമായി ഉയര്ന്ന ചൂടിന്റ 80% വും ആഗിരണം ചെയ്യുന്നത് സമുദ്രങ്ങളാണ്. ഇതു മൂലം സമുദ്രജലം 3000mആഴത്തിൽ വരെ ചൂടുപിടിക്കുന്നു. കൂടാതെ ധ്രുവങ്ങളിൽ മഞ്ഞുംഹിമാനിയും ഉരുകുന്നതിനും ഇത് കാരണമാകുന്നു.

1961മുതൽ 2003വരെ യുള കണകുകളനുസരിച്ച് ശരാശരി ഓരോ വര്ഷവും 1.8mm വീതം സമുദ്രജലനിരപ്പ് ഉയരുന്നുണ്ട്. മഴ,കാറ്റ്,സമുദ്രത്തിലെ ലവണാംശം എന്നിങ്ങനെ കാലാവസ്ഥയിൽകാര്യമായ മാറ്റങ്ങള് ആഗോളതാപനം മൂലം വ്യാപകമായി കാണുന്നു.

പ്രസക്തി കണക്കിലെടുത്താണ് അമേരിക്കയുടെ മുന് വൈസ് പ്രസിഡണ്ട്അൽ-ഗോറിനും ഐക്യരാഷ്ട്രസഭുയുടെ ഇന്റര്ഗവണ്മന്റൽ പാനൽ

ഓണ് ക്ലൈമറ്റ് ചേഞ്ചിനും 2007-ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത്.
ആഗോളതാപനത്തെക്കുറിച്ചുള്ള പഠനങ്ങള്ക്കും പ്രവര്ത്തനങ്ങള്ക്കുമായിരുന്നു ഈ പുരസ്കാരം.

## ആഗോളതപനത്തെ തടയാനായി കാര്യങ്ങള് :

* കാര്,മോട്ടോര് വാഹനങ്ങൾ മുതലായവക്കുപകരം പൊതുഗതഗതം ഉപയോഗിക്കുക

* അത്യാവശ്യമില്ലാത്ത വൈദ്യുതോപകരണങ്ങൾ നിര്ത്തിയിടുക.

*മരങ്ങൾ നട്ടു വളര്ത്തുക

*ക്ലോറോ ഫ്ലൂറോ കാര്ബണ് പുറന്തള്ളുന്ന ഉപകരണങ്ങളായ എ.സിഫ്ഡ്ജ്

തുടങ്ങിയവയുടെ ഉപയോഗം കഴവതും ഒഴിവാക്കുക.

*മലീനീകരണം തടയുക.

*പ്ലാസറ്റിക് സാധാനങ്ങളുടെ ഉപയോഗം പരമവധി ഒഴിവാക്കുക.

**ആദിത്യ.എസ്.എഒന്പത്.ഡി**

# ചന്ദ്രയാന് രണ്ട്

ഇന്ത്യയുടെ ചന്ദ്രയാന് രണ്ട് ദൗത്യം 90 മുതല് 95 ശതമാനം വരെ വിജയം കണ്ടെന്ന് ഐ. എസ്. ആര് .ഒ .ഈ ദൗത്യത്തിന്റ ഒരോ ചുവടുവെപ്പിലും വിജയം കണ്ടെത്തി. നിലവില് ലാന്ഡര്റുമായുള്ള ആശയവിനിമയം നഷ്ടമായെങ്കിലും അത് വിജയം നേടി.

ചന്ദ്രോപരിതലം ലക്ഷ്യമിടുന്ന ഇരുപത്തി ഒന്പതമത് പര്യവേഷക പേടകമാണ്ചന്ദ്രയാൻ -2. എന്നാല്,ദക്ഷിസധ്രുവം ലക്ഷ്യമിട്ട ആദ്യത്തെയും .ഇതുവരെ ഒരു രാജ്യവും സ്വപ്നം കാണാത്ത ദക്ഷിണദ്രുവം തിരഞ്ഞെടുത്തതിനാല് ഐ.എസ്.ആര്.ഒയ്ക്ക്മുന്നില് മുന്നനുഭവങ്ങളൊന്നുമില്ലായിരുന്നു

ചന്ദ്രോപരിതലത്തിന്റെ ഘടനയും ,കാലാവസ്ഥയും ധ്രുവപ്രദേശങ്ങളില് കൂടുതല് സങ്കീര്ണമാണ്.കുന്നും ഗര്ത്തങ്ങളും നിറഞ്ഞ ഉപരിതലവും മൈ◌ൈനസ് 230 - ലേകെത്തുന്ന താപാനിലയും വലിയവെല്ലുവിളിയായിരുന്നു

# കേരളത്തിന്റെ ഊട്ടിയിലേക്ക്ഒരു യാത്ര

കുളിരു നിറഞ്ഞ ആ ഡിസംബര് മാസത്തില് ഞങ്ങള് കുടുംബസമേതം വിനോദയാത്രയ്ക്ക് ചെന്ന് എത്തിയ സ്ഥലം കേരളത്തിന്റെ ഊട്ടി എന്നറിയപ്പെടുന്ന വയനാട് ജില്ലയിലേക്കായിരുന്നു.അവിടെ ചെന്നെത്തിയപ്പോള് സമയം രാത്രി 11.30 ആയി അങ്ങനെ അവിടെ സഞ്ചാരികള് വന്ന് താമസിക്കുന്ന സഫാരിയില്

ഞങ്ങള് മുറിയെടുക്കുകയും അന്ന് രാത്രി അവിടെ തങ്ങുകയും ചെയ്തു.പിറ്റേദിവസം രാവിലെ ഭക്ഷണം കഴിച്ച് 8 മണിക്ക് ഞങ്ങള്യാത്ര ആരംഭിച്ചു. വയനാട്ടിലെ പ്രധാന ആകര്ഷണകേന്ദ്രമായഇടക്കല് ഗുഹയിലേക്കായിരുന്നു ഞങ്ങളുടെ ആദ്യ യാത്ര.
യാത്രയ്ക്കിടയില് ഞങ്ങള് ഒരു അമ്പലത്തിനു മുന്ല് ബസ് നിര്ത്തുകയും ആ അമ്പലത്തില് ഞങ്ങള് പോവുകയും ചെയ്തു.അവിടെ എനിക്ക് അത്ഭുതം തോന്നിയ കാഴ്ച എന്തെന്നാല് ഒരു ആല്മരം ആയിരുന്നു.ആന കിടക്കുന്നത് പോലെതോന്നിപ്പിക്കുന്ന ഒരു ആല്മരമായിരുന്നു അത്.അത് കണ്ടതിനു-ശേഷം ഞങ്ങള് യാത്ര തിരിച്ചു.

**Sravya Babu.D**

# നിങ്ങള്ക്കറിയാമോ

# ???

- ഇന്ത്യന് സംസ്ഥാനങ്ങള്ക്കിടയില് വലിപ്പത്തില് കേരളത്തിന്റെ സ്ഥാനം?
  **22**
- പ്രായമായ മാതാപിതാക്കളെ ഉപേക്ഷിക്കുന്ന മക്കള്ക്ക് ജയില് ശിക്ഷ നല്കാന് തീരുമാനിച്ച സംസ്ഥാനം?
  ബീഹാർ
- ഇന്ററ്നെറ്റ്  അടിസ്ഥാന മനുഷ്യവകാശമായി പ്രഖ്യാപിച്ച സംസ്ഥാനം?
  കേരളം
- കിടക്കുന്ന ഗ്രഹം,ഉരുളുന്ന ഗ്രഹം എന്നൊക്കെ അറിയപ്പെടുന്നത്?
  യുറാനസ്
- കേരളത്തിലെ ആദ്യ വികലാംഗ സൗഹൃദ ജില്ല ?
  കണ്ണൂര്
- ശത്രുക്കളെ കാണുമ്പോള് മണ്ണില് തല താഴ്ത്തുന്ന പക്ഷി?
  ഒട്ടകപക്ഷി
- ചിരിക്കുന്ന പക്ഷി?
  കൂക്കാബൂറ
- പൂച്ചയെ ദൈവമായി ആരാധിക്കുന്ന രാജ്യം?
  ഈജിപ്ത്
- ഇന്ത്യയുടെ ഈന്തപ്പഴം എന്നറിയപ്പെടുന്നത്?
  പുളി

- ലോക നാളികേര ദിനം?

  സെപ്റ്റംബർ 2

- പശുക്കള്ക്ക് ആധാര് കാര്ഡ് ഏര്പ്പെടുത്തിയ ആദ്യ സംസ്ഥാനം?

  ജാര്ഖണ്ഡ്

- ചിരിപ്പിക്കുന്ന വാതകം?

  നൈട്രസ് ഓക്സൈഡ്

*****************************

**Subahana.S**

# ആമസോൺ മഴക്കാടുകൾ

തെക്കേ അമേരിക്കയിലെ ആമസോണ് പ്രദേശത്തു പടര്ന്നു കിടക്കുന്ന ഒരു വലിയ വനപ്രദേശമാണ് ആമസോൺ മഴക്കാടുകള്.ആമസോണിയ എന്ന് ഇംഗ്ലീഷിൽ അറിയപ്പെടുന്നത്. മറ്റു പ്രദേശങ്ങള് മറ്റു പേരുകളിവാണ് അറിയപ്പെടുന്നത്. ഈ പ്രദേശത്തിന്റെ ആകെയുള്ള

വ്യാപ്തിയായ 70 ലക്ഷം ചതുരശ്രകിലോമീറ്ററിൽ ഈ വനം വ്യപിച്ചുകിടക്കുന്നു.60ശതമാനവും ബ്രസീലിൽ 13 ശതമാനവും പെറുവില് 10 ശതമാനവം കൊളബിയയിലും ഉള്പ്പെടെ ആകെ 9



രാജ്യങ്ങളിലായി ആമസോണ് മഴക്കാടുകള് സ്ഥിതിചെയ്യുന്നു.

ഭൂമിയിലെ 40 ശതമാനത്തിലധികം ഓക്സിജൻ ഉൽപ്പാദിപ്പിക്കുന്നത്ആമസോൺ മഴക്കാടുകള്.പലതരത്തിലുള്ള സസ്യലതാദികളും



ജീവജാലങ്ങളും
നിരവധി
ഉരഗങ്ങളു൦൦൦൦
ആമസോൺ
കാടുകളിൽ

കാണപ്പെടുന്നു.
ലോകത്തിലെ ഏറ്റവും
വലിയ മഴക്കാടായ
ആമസോണ് വനങ്ങളില് അടിക്കടിയുണ്ടാകുന്ന
കാട്ടുതീ ലോകത്തിന്റെ പരിസ്ഥിതി സംതുലനത്തിന്
ഗുരുതരമായ ഭീഷണിയുയര്ത്തുന്നു.

**ഭൂമിയുടെ ശ്വാസകോശമായ**
**ആമസോണ് ഉഷ്ണമേഖല**
**മഴക്കാടുകള് തീപിടിത്തത്തില്.**
**പലയിടങ്ങളിലായി 70,000ത്തില് അധികം**
**പ്രദേശങ്ങള്ക്ക് തീപിടിച്ചു.**

ലോകത്തിലെ ഏറ്റവും വലിപ്പമുള്ള ഉഷ്ണമേഖല
മഴക്കാടായ ആമസോണ് വനം പലയിടത്തും
കത്തുകയാണ്. കാട്ടുതീ
ആമസോണ് ചുട്ടെരിക്കുകയാണ്.
തെക്കന് അമേരിക്കയില് വ്യാപിച്ച് കിടക്കുന്ന
ആമസോണ് നിബിഡ വനം ഭൂമിയിലെ 20 ശതമാനം
ഓക്സിജന് ഉല്പ്പാദിപ്പിക്കുന്നു എന്നാണ് കണക്ക്.
ഒരാഴ്ച്ചയായി ആമസോണ് കത്തുകയാണ്. കാലാവസ്ഥാ
വ്യതിയാനം ചെറുക്കുന്നതില് ആമസോണ് മുഖ്യപങ്ക്
വഹിക്കുന്നു എന്നാണ് കരുതുന്നത്.
ആമസോണില് കാട്ടുതീ വ്യാപിച്ചതോടെ കാലാവസ്ഥാ


വ്യതിയാനത്തിന് എതിരെയുള്ള പോരാട്ടവും
അപകടത്തിലാകും എന്നാണ് കരുതുന്നത്.
ആമസോണ് കത്തുമ്പോള് കാര്ബണ് അന്തരീക്ഷത്തി
ലേക്ക് റെക്കോഡ്
നിരക്കില് അന്തരീക്ഷത്തില് വ്യാപിക്കുമെന്നാണ്
ഗവേഷകര് പറയുന്നത്. 140 ബില്യണ് മെട്രിക് ടണ് വരെ
കാര്ബണ് ആമസോണില് നിന്ന് പുറത്തേക്ക് വമിക്കാം.
ഇത് അന്തരീക്ഷത്തിലെ കാര്ബണ് അളവ് കൂട്ടുകയും
അതുവഴി താപനില ഉയരാനും കാലാവസ്ഥാ
വ്യതിയാനം കൂടുതല് ഗുരുതരം ആക്കുമെന്നുമാണ്
മുന്നറിയിപ്പ്.

ബ്രസീലിലെ ആമസോണ് വനത്തില് ഏതാണ്ട് 75,000
തീപിടിത്തങ്ങള് ഈ വര്ഷം മാത്രം
ബാധിച്ചിട്ടുണ്ടെന്നാണ് ബ്രിട്ടീഷ് മാധ്യമസ്ഥാപനം
ബിബിസി റിപ്പോര്ട്ട് ചെയ്യുന്നത്. ജൂലൈ -
ഒക്ടോബര് കാലയളവില് വനത്തില് മരങ്ങള് ഉണങ്ങും.
ഈ സമയത്ത് ഇടിമിന്നല് കാരണം തീപിടിത്തം
ഉണ്ടാകാറുണ്ട്. വ്യാപകമായി ആമസോണ് വനം
നശിപ്പിക്കപ്പെടുന്നുമുണ്ട്. കൃഷിക്കും മറ്റ്
ആവശ്യങ്ങള്ക്കും വനം കൈയ്യേറുന്ന വന്കിട
ലോബികള് വെട്ടിത്തെളിക്കല് തുടരുകയാണ്. ഓരോ
മണിക്കൂറിലും ആമസോണ് വനത്തില് നിന്ന് ഒരു
ഫുട്ബോള് മൈതാനത്തിന്റെ വലിപ്പത്തില് സ്ഥലം
നഷ്ടമാകുന്നുണ്ട്. മനുഷ്യനിര്മ്മിതമാണ്
ആമസോണിലെ തീപിടിത്തം എന്നാണ്
ഗവേഷകര് സംശയിക്കുന്നത്.
എന്നാല് ബ്രസീല് ഭരണകൂടം വനനശീകരണത്തിന്

കൂട്ടുനില്ക്കുന്നതായി വര്ഷങ്ങളായി ആരോപണമുണ്ട്. വനസംരക്ഷണത്തിനായി വാദിക്കുന്ന സന്നദ്ധ സംഘടനകളാണ് ആമസോണിന് തീയിട്ടതെന്നാണ് സര്ക്കാര് ആരോപണം.

തീപിടിത്തത്തിന്റെ ശക്തിയില് ഓഗസ്റ്റ് 19ന് ബ്രസീലിലെ ഏറ്റവും വലിയ നഗരമായ സാവോപോളോയില് സൂര്യനെ പുക മറച്ചു. ഒമ്പത് രാജ്യങ്ങളിലായി പരന്നു കിടക്കുന്നതാണ് ആമസോണ് വനം. ബ്രസീല്, പെറു, കൊളംബിയ, വെനസ്വേല, ഇക്വഡോര്, ബൊളിവിയ, ഗയാന, സുരിനാം, ഫ്രഞ്ച് ഗിനി എന്നീ രാജ്യങ്ങളിലായാണ് ആമസോണ് പരന്നുകിടക്കുന്നത്.





# ലിറ്റിൽകൈറ്റ്സ് തനതുപ്രവർത്തനങ്ങൾ

## സ്കൂൾ പാർലമെന്റ്ഇലക്ഷൻ









# ലിറ്റിൽകൈറ്റ്സ് സബ് ജില്ലാ ക്യാമ്പ്---



# കണിയാപുരം



# അമ്മ അറിയാൻ
# സൈബർ സുരക്ഷ








# ചന്ദ്രയാൻ രണ്ട് വിക്ഷേപണം തൽസമയനിരീക്ഷണം






CNN NEWS18
#MissionMoon2
FIRST EVER MISSION TO THE LUNAR SOUTH POLE
CHANDRAYAAN TAKES OFF
LIVE: SRIHARIKOTA
BREAKING NEWS
CHANDRAYAAN-2 LAUNCHED FROM
SATISH DHAWAN SPACE CENTRE

# പത്രത്താളുകളിൽ



## കന്യാകുളങ്ങര ജി.ജി.എച്ച്.എസ്.എസിലെ സീഡ് പ്രവർത്തനം 11-ാം വർഷത്തിലേക്ക്

കുഞ്ചിക്കുഴിച്ചിറയ്ക്ക് ചുറ്റും തണൽവൃക്ഷത്തൈകൾ നട്ടുപിടിക്കുന്ന കന്യാകുളങ്ങര ജി.ജി.എച്ച്.എസ്.എസിലെ സീഡ് പ്രവർത്തകർ

**വെമ്പായം** ► കന്യാകുളങ്ങര ഗേൾസിലെ സീഡ് യൂണിറ്റ് വെമ്പായം കുഞ്ചിക്കുഴിച്ചിറയ്ക്ക് ചുറ്റും വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. മുൻവർഷങ്ങളിൽ സംരക്ഷിച്ചുവന്നിരുന്ന വെമ്പായം 'ഇളവൂർക്കോണം' ചിറയുടെ സംരക്ഷണവും വിദ്യാർഥിനികൾ തുടരുന്നുണ്ട്. ഇവിടെ നട്ടവയിൽ പേര, മാവ്, അത്തി, മുന്തിരി തുടങ്ങിയവയെല്ലാം വളർച്ചയിലാണ്. പ്രകൃതി സംരക്ഷണ, ജലസംരക്ഷണ പാഠമുൾക്കൊണ്ട സ്കൂളിലെ സീഡ് പ്രവർത്തകരും, എൻ.എസ്.എസ്. യൂണിറ്റും അധ്യാപകരും ചേർന്ന് ഇതിനു മുമ്പ് സ്കൂളിന് സമീപം നെടുവേലി- കുണ്ടയത്തുകോണം പുഴയുടെ തീരത്ത് മുളം തൈകളും രാമച്ചത്തൈകളും വെച്ചുപിടിപ്പിച്ചിരുന്നു. ഇവയുടെ സംരക്ഷണവും സീഡംഗങ്ങളുടെ നേതൃത്വത്തിലാണ്.

ഹെഡ്മിസ്ട്രസ് എൻ.ആർ. പ്രീത, സ്റ്റാഫ് സെക്രട്ടറി അബ്ദുൾ ഹക്കിം, സീഡ് കോ-ഓർഡിനേറ്റർ എസ്. ഷീന, അധ്യാപകരായ പി.രാജു, ഷിഹാന മെഹറുബി, ഷിബിന, ബിന്ദു എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



# കന്യാകുളങ്ങര സ്കൂളിൽ മാതൃഭൂമി സീഡ് ഓണത്തിന് ഒരുമുറം പച്ചക്കറി

കന്യാകുളങ്ങര ഗേൾസ് എച്ച്.എസ്.എസിൽ ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി പി.ടി.എ. പ്രസിഡൻറ് എ.നൗഷാദ് ഉദ്ഘാടനം ചെയ്യുന്നു

**വെമ്പായം** ▸ കന്യാകുളങ്ങര ഗവ. ഗേൾസ് എച്ച്.എസ്.എസിൽ മാതൃഭൂമി സീഡ് ക്ലബ്ബിൻെറ നേതൃത്വത്തിൽ ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി തുടങ്ങി.

പി.ടി.എ. പ്രസിഡൻറ് എ.നൗഷാദ് വിത്ത് നടീൽ ഉദ്ഘാടനം ചെയ്തു. മാണിക്കൽ കൃഷിഭവനിൽ നിന്നുലഭിച്ച പച്ചക്കറി വിത്തുകൾ കുട്ടികൾക്ക് വിതരണംചെയ്തു.

പ്രിൻസിപ്പൽ എം. വഹീദ, ഹെഡ്മിസ്ട്രസ് എൻ.ആർ. പ്രീത, സീഡ് കോ-ഓർഡിനേറ്റർ എസ്.ഷീന, സ്റ്റാഫ് സെക്രട്ടറി അബ്ദുൽ ഹക്കീം അധ്യാപകരായ അനിൽകുമാർ, സിന്ധു, ഷീന ഒ., ഷിബിന തുടങ്ങിയവർ പങ്കെടുത്തു.

മാതൃഭൂമി സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി പരിസ്ഥിതി സൗഹൃദപരമായ ജൈവകൃഷി സീഡംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ പരിസരത്തും കുട്ടികളുടെ ഭവനങ്ങളിലും ചെയ്തുവരുന്നുണ്ട്. വെണ്ട, തക്കാളി, ചീര, പയർ, പച്ചമുളക്, പടവലം, പാവൽ തുടങ്ങിയ പച്ചക്കറികളാണ് കൃഷിചെയ്യുന്നത്.

# കന്യാകുളങ്ങര ഗേൾസ് എച്ച്.എസ്.എസിൽ വായുമലിനീകരണത്തിനെതിരേ സെമിനാർ



മാതൃഭൂമി സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി കന്യാകുളങ്ങര ഗേൾസ് എച്ച്.എസ്.എസിൽ സംഘടിപ്പിച്ച സെമിനാർ പരിസ്ഥിതി പ്രവർത്തകൻ അനന്തകൃഷ്ണൻ നയിക്കുന്നു

വെമ്പായം ▸ കന്യാകുളങ്ങര ജി.ജി.എച്ച്.എസ്.എസിൽ സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സെമിനാർ നടത്തി. വായുമലിനീകരണവും പ്രതിരോധമാർഗങ്ങളും എന്നതായിരുന്നു വിഷയം. പരിസ്ഥിതി പ്രവർത്തകരായ അസീം, അനന്തകൃഷ്ണൻ എന്നിവർ ക്ലാസ് നയിച്ചു. ഫോട്ടോ പ്രദർശനവും ക്വിസ് മത്സരവും സംഘടിപ്പിച്ചു.

പ്രഥമാധ്യാപിക പ്രീത എൻ.ആർ., സീനിയർ അസിസ്റ്റന്റ് മണിയൻ, അധ്യാപകരായ അബ്ദുൽ ഹക്കീം, പി.രാജു, ഷിഹാന മെഹ്റുബി, സീഡ് കോ-ഓർഡിനേറ്റർ ഷീന എന്നിവർ പങ്കെടുത്തു.

മാതൃഭൂമി സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വൃക്ഷത്തൈകൾ വിതരണംചെയ്തു. മുൻപ് വച്ചുപിടിപ്പിച്ച വൃക്ഷത്തൈകൾക്ക് പരിചരണം നൽകി തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു.

# കന്യാകുളങ്ങര ജി.ജി. എച്ച്.എസ്.എസിൽ ചാന്ദ്രദിനാഘോഷം



കന്യാകുളങ്ങര ഗേൾസ് എച്ച്.എസ്.എസിലെ ചാന്ദ്രദിനാഘോഷ പരിപാടിയിൽ ചാന്ദ്രമനുഷ്യൻ വിദ്യാർഥിനികൾക്കൊപ്പം

വെമ്പായം ▸ കന്യാകുളങ്ങര ഗേൾസ് എച്ച്.എസ്.എസിൽ മാതൃഭൂമി സീഡ് ക്ലബ്ബിന്റെയും സയൻസ്, സോഷ്യൽ സയൻസ് ക്ലബ്ബുകളുടെയും നേതൃത്വത്തിൽ ചാന്ദ്രദിനാഘോഷം സംഘടിപ്പിച്ചു. ശാസ്ത്രസാഹിത്യ പരിഷത്ത് അവതരിപ്പിച്ച ചാന്ദ്രമനുഷ്യൻ പരിപാടി ഹെഡ്മിസ്ട്രസ് എൻ.ആർ.പ്രീത ഉദ്ഘാടനം ചെയ്തു. ക്വിസ് മത്സരത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. അധ്യാപകർ, പി.ടി.എ. അംഗങ്ങൾ, പരിഷത്ത് പ്രവർത്തകരായ അസിം, പ്രശാന്ത്, സതീന്ദ്രൻ, അനന്തകൃഷ്ണൻ എന്നിവർ പ്രവർത്തനങ്ങൾക്ക് ...

വിക്ഷേപണം തത്സമയം നിരീക്ഷിക്കാൻ സ്കൂളിലെ എല്ലാ കുട്ടികൾക്കും ഹൈടെക് ക്ലാസുമുറികളിൽ സൗകര്യമൊരുക്കി.

**ചന്ദ്രോത്സവം പ്രദർശനം**

# പ്രതിഭാസംഗമം



സ്വാതന്ത്ര്യദിനാഘോഷം
പ്രതിഭാസംഗമം
അവാർഡ് വിതരണം
2019 ആഗസ്റ്റ് 15 വ്യാഴം
അധ്യക്ഷൻ : ശ്രീ.സി.ദിവാകരൻ MLA
സ്വാഗതം : ശ്രീ.എ.നൗഷാദ് PTA പ്രസിഡന്റ്
ഉദ്ഘാടനവും അവാർഡ് വിതരണവും : ശ്രീ.കടകംപള്ളി സുരേന്ദ്രൻ
മുഖ്യപ്രഭാഷണം : ശ്രീ.വി.കെ മധു


ഹയർ സെക്കന്ററി സ്കൂൾ
പ്രതിഭാസംഗമം

